**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം: 4856** | **04.07.2012ൽ മറുപടിയ്ക്ക്**

**കുട്ടനാട് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ വായ്പ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) 2011-12 വർഷത്തിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ബാങ്കുകളിലാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിരസിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) കാനാറാ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ധനലക്ഷ്മി ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക് എന്നീ ബാങ്കുകളാണ് വായ്പ നിരസിച്ചിട്ടുള്ളത്. ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ (IBA)/ RBI വിദ്യാഭ്യാസ വായ്പയ്ക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വായ്പാ അപേക്ഷകളാണ് പ്രധാനമായും നിരസിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ഓരോ ബാങ്കും മേൽപ്പറഞ്ഞിട്ടുള്ള IBA/ RBI മാനദണ്ഡങ്ങൾക്ക് പുറമെ അവരുടേതായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യമായ രേഖകൾ ഹാജരാക്കാതെയും സമർപ്പിച്ച അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ഇതു കൂടാതെ ആവശ്യപ്പെടുന്ന അത്രയും തുക അനുവദിക്കാൻ കഴിയാത്ത കേസുകളിൽ തുക കുറവായതിനാൽ അപേക്ഷകർ വായ്പ വാങ്ങാത്ത കേസുകളും ഉണ്ട്. വിദ്യാഭ്യാസ വായ്പയ്ക്കായി രേഖകൾ തിരികെ വാങ്ങിയതിനാൽ അപേക്ഷ പരിഗണിക്കാൻ കഴിയാതെയും വന്നിട്ടുണ്ട്. |

...2/-

ബി) നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് പ്രൊഫഷണൽ കോഴ്സിനു പഠിക്കുവാനുള്ള വായ്പ നിഷേധിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ബി) വിദ്യാഭ്യാസ വായ്പ ലഭിക്കാത്ത പരാതികളിൻമേൽ തീർപ്പു കൽപ്പിക്കുന്നതിനായി ജില്ലാ കലക്ടർ ചെയർമാനായുള്ള അവലോകന സമിതി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് വ്യക്തമായ സേവന മേഖല തിരിച്ചു നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഗുണഭോക്താക്കൾക്ക് അവരുടെ പ്രദേശത്തെ ബാങ്കുകളെ വായ്പയ്ക്കുവേണ്ടി സമീപിക്കാവുന്നതാണ്. വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള RBI/IBA മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ബാങ്കു ശാഖകളിലും ഗുണഭോക്താക്കളുടെ അറിവിലേയ്ക്കായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ